പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇടാത്ത ചോദ്യം
നമ്പർ 1158

8/2/2013-ൽ മറുപടിക്ക്

**അദ്ധ്യാപികയെ സർവീസിൽ തിരിച്ചെടുക്കുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കൃഷ്ണൻ. സി | ശ്രീ. പി.കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| എ) പച്ചക്കോട്ട് ധരിക്കാത്തതിന്റെ പേരിൽ, മലപ്പുറം ജില്ലയിലെ അരീക്കോട് ജംഇയാത്തുൽ മുജാഹിദ്ദീൻ ട്രസ്റ്റിനു കീഴിലെ സുല്ല മുസ്സലാം ഓറിയന്റൽ സ്കൂളിൽ നിന്ന് പുറത്താക്കിയ അദ്ധ്യാപികയെ തിരിച്ചെടുക്കുന്നതിന് ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ | എ) ഇല്ല |
| ബി) ഹൈക്കോടതി ഉത്തരവു വന്നത് എന്നാണ്; ഉത്തരവിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപികയെ മാനേജുമെന്റ് തിരിച്ചെടുക്കുകയുണ്ടായോ | ബി) ചോദ്യം ഉദിക്കുന്നില്ല |
| സി) ഈ വിഷയത്തിൽ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ? | സി) ശ്രീമതി. ജമീലയുടെ സസ്പെൻഷൻ ഉത്തരവ് റദ്ദാക്കി സർവീസിൽ പുന:പ്രവേശിപ്പിക്കാൻ വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 2/11/2012 ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ മാനേജർ ഗവൺമെന്റിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ടതിനു ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിന് മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് 7/11/2012 ലെ ഗവൺമെന്റ് കത്ത് പ്രകാരം ഗവൺമെന്റ് നിർദ്ദേശം നൽകുകയും ആയതിൻമേൽ തീരുമാനം ആകുന്നതുവരെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 2/11/2012 ലെ ഉത്തരവ് നിർത്തി വയ്ക്കുവാനും നിർദ്ദേശിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ